**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2958** | **03-08-2021 - ൽ മറുപടിയ്ക്ക്**

**കായിക പ്രതിഭകളെ സ്കൂൾ തലത്തിൽ കണ്ടെത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക പ്രതിഭകളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കായിക പ്രതിഭകളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കായികക്ഷമത മിഷൻ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, |

| | | | |
|---|---|---|---|
| | | | റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. കായികപ്രതിഭകളെ സ്കൂൾതലത്തിൽ കണ്ടെത്തി കായികവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, ജി.വി.എച്ച്.എസ്.എസ്.കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളിൽ പ്രവേശനം നൽകുന്നതിനായി ടാലന്റ് ഹണ്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ വർഷം തോറും ജില്ലാ അടിസ്ഥാനത്തിൽ സെലക്ഷൻ ട്രയൽ നടത്തുന്ന പദ്ധതിയാണ് ടാലന്റ് ഹണ്ട്. കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കുന്ന ഫുട്ബോൾ ഗ്രാസ് റൂട്ട് പരിശീലന പദ്ധതിയായ കിക്കോഫിൽ മികവ് തെളിയിക്കുന്ന കായികതാരങ്ങളെ കണ്ടെത്തി ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, ജി.വി.എച്ച്.എസ്.എസ്.കണ്ണൂർ എന്നിവിടങ്ങളിലാരംഭിക്കുന്ന എലൈറ്റ് ഫുട്ബോൾ അക്കാഡമിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനും അന്തർദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ താരങ്ങളാക്കി വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) | സ്കൂളുകളിൽ കളിസ്ഥല നിർമ്മാണം, സ്പോർട്സ് ഉപകരണങ്ങൾ എന്നിവയ്ക്ക് കായിക വകുപ്പ് പ്രത്യേക ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കാമോ? | (ബി) | സ്കൂളുകളിൽ കളിസ്ഥല നിർമ്മാണം, കായികോപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കായികവികസന നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം മാനദണ്ഡം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ